**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3963** **17-03-2025 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തസ്തികയുടെ പേര് ഡന്റൽ ഹൈജീൻ ഓഫീസർ എന്നാക്കണമെന്ന ആരോഗ്യ വകുപ്പ് ശുപാർശ നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ആരോഗ്യ വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാരുടെ തസ്തികകൾ പുനർനാമകരണം ചെയ്യുന്നതിനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഫയലിൽ ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ നാമം പുനർനാമകരണം ചെയ്യുന്ന വിഷയം പരിഗണിച്ചു വരുന്നു. "Dental Mechanic" എന്ന തസ്തികാനാമം Dental Technician എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യത്തിന്മേൽ, കേന്ദ്ര സർക്കാർ ഡെന്റൽ കൗൺസിൽ ആക്ട് ഭേദഗതി ചെയ്ത് തസ്തികാനാമം തിരുത്തിയാൽ മാത്രമേ അത്തരത്തിൽ തസ്തികയുടെ നാമം മാറ്റുന്നതിന് ചട്ട പ്രകാരം കഴിയുകയുള്ളു എന്ന്, കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിൽ മറുപടി നൽകിയിട്ടുണ്ട്. ‘ഡെന്റൽ ഹൈജീനിസ്റ്റ്’ തസ്തികയുടെ പുനർനാമകരണം സംബന്ധിച്ചും കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിലിന്റെ അനുമതി ആവശ്യമായതിനാൽ കേരള സ്റ്റേറ്റ് ഡെന്റൽ കൗൺസിലേയ്ക്ക് അയച്ചുകൊടുത്ത് അഭിപ്രായം ആരായുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ